**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1645** **04-02-2026 - ൽ മറുപടിയ്ക്ക്**

**കാസർഗാഡ് ജില്ലയിലെ കൃഷി വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗാഡ് ജില്ലയിലെ കൃഷി വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലായി നിലവിൽ എത്ര തസ്തികകൾ ഒഴിവുണ്ട്; | (എ) | കാസറഗോഡ് ജില്ലയിലെ കൃഷി വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളിലായി നിലവിൽ 15 തസ്തികകൾ ഒഴിവുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | **അനുബന്ധം I ആയി ചേർത്തിരിക്കുന്നു.** |
| (സി) | ഇവ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | കാസറഗോഡ് ജില്ലയിൽ 22/09/2025 മുതൽ ഒഴിവുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ ഒരൊഴിവിലേക്കും 01/01/2026 - ൽ നിലവിൽ വന്ന അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഒരൊഴിവിലേക്കും സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനു 2026 വർഷത്തെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നിലവിലുള്ള കൃഷി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നിലവിൽ PSC ശിപാർശ പ്രകാരം കൃഷി അസിസ്റ്റന്റ് തസ്തികയിൽ ഉദ്യോഗാർത്ഥികൾ ഉണ്ട്. എന്നാൽ OA(EKM)Nos. 468/2023 & 1989/2023 & OA No. 1931/2023 കേസിന്റെ 03/12/2025 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം നിയമന ഉത്തരവ് പുറപ്പെടുവിക്കരുത് എന്ന് ബഹു. കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടക്കാല ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം 63 ഒഴിവുകൾ ബാക്കിവെച്ച് പ്രസ്തുത ഇടക്കാല ഉത്തരവ് ലഭിക്കുന്നതിന് മുമ്പായി ലഭിച്ചിരുന്ന 101 പേരുടെ അഡ്വൈസിൽ 38 പേർക്ക് നിയമനം നൽകി. തുടർന്ന് 4 അഡ്വൈസ് കൂടി പി എസ് സി യിൽ നിന്നും ലഭിച്ചതനുസരിച്ച് 4 പേർക്ക് കൂടി നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ നിലവിലുള്ള ഓരോ ഒഴിവുകൾ പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ഓവർസീയർ ഗ്രേഡ് II തസ്തികയിലെ ഒഴിവിലേക്ക് ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മെക്കാനിക്, വർക്ക് സൂപ്രണ്ട് തസ്തികയിലെ ഒഴിവുകൾ പി എസ് സി -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

കാസറഗോഡ് ജില്ലയിലെ കൃഷി വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളിലെ ഒഴിവുകൾ

| തസ്തിക | ഓഫീസിന്റെ പേര് | എണ്ണം | ഒഴിഞ്ഞു കിടക്കുന്ന കാലയളവ് |
|---|---|---|---|
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ | പ്രിൻസിപ്പൽ കൃഷി ഓഫീസ് | 1 | ഡി ഡി എ (C) – 22-09-2025 മുതൽ |
| അക്കൗണ്ട്സ് ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസ് | 1 | 01-01-2026 മുതൽ |
| കൃഷി അസിസ്റ്റന്റ് | കൃഷിഭവൻ – പൈവളികെ, പനത്തടി, ബളാൽ | 3 | 03-10-2025 മുതൽ |
| കൃഷി അസിസ്റ്റന്റ് | സ്റ്റേറ്റ് സീഡ് ഫാം – പുല്ലൂർ, കൃഷിഭവൻ– കോടോംബേളൂർ, എൻമകജെ, പൈവളികെ | 4 | 16-01-2026 മുതൽ |
| ക്ലർക്ക് | പ്രിൻസിപ്പൽ കൃഷി ഓഫീസ് | 1 | 31-12-2025 മുതൽ |
| ടൈപ്പിസ്റ്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസ് | 1 | 29-11-2025 മുതൽ |
| ഓവർസിയർ ഗ്രേഡ് II | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാസറഗോഡ് | 1 | 15-02-2025 മുതൽ |
| മെക്കാനിക് | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാസറഗോഡ് | 1 | 18-03-2024 മുതൽ |
| വർക്ക് സൂപ്രണ്ട് | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാസറഗോഡ് | 2 | 27-08-2021 മുതൽ<br>16-08-2022 മുതൽ |
| **ആകെ** | | **15** | |